കേരള പാഠാവലി
യൂണിറ്റ് ആസൂത്രണം (യൂണിറ്റ് ---2 )

"ഇരുചിറകുകളൊരുമയിലങ്ങനെ"

പ്രശ്നമേഖല : ലിംഗനീതി

പ്രവർത്തനം 1.
കുറിപ്പ് :
പ്രക്രിയ :
ടെലിഫിലിം കാണിക്കുക.പ്രതികരണം കുറിപ്പായി എഴുതാം.

പ്രവർത്തനം 2.
ചാനൽ സംവാദം :
പ്രക്രിയ :
സ്ത്രീയെ അടിച്ചമർത്തിയതിനു ഉത്തരവാദി പുരുഷനോ / സ്ത്രീയോ ?

പ്രവർത്തനം 3.
ശേഖരണം :
പ്രക്രിയ :
സ്ത്രീയെക്കുറിച്ചുള്ള ചൊല്ലുകൾ ശേഖരിക്കുക (ഉദാ : പെൺബുദ്ധി പിൻബുദ്ധി)

പ്രവർത്തനം 4.
സംഭാഷണം :
പ്രക്രിയ :
വീട്ടിൽ വസ്ത്രം അലക്കുന്ന അച്ഛനെ കണ്ടപ്പോൾ അത്ഭുതപ്പെടുന്ന മകളും അച്ഛനും കൂടി സംസാരിക്കുന്നത് എഴുതുക.

പ്രവർത്തനം 5.
എന്റെ അമ്മ കുറിപ്പ് :
പ്രക്രിയ :
പി.കെ.പാറക്കടവിന്റെ അടുക്കള എന്ന കവിതയും അരവിന്ദ് വട്ടംകുളം എഴുതിയ അമ്മ എന്ന കവിതയും ചാർട്ടിൽ കാണിക്കുന്നു.കുട്ടികൾ കുറിപ്പ് എഴുതുന്നു.

http://malayalamresources.blogspot.com/

പ്രവർത്തനം 6.

കൊളാഷ് :

പ്രക്രിയ :

ഇന്നത്തെ സ്ത്രീ അനുഭവിക്കുന്ന പ്രയാസങ്ങൾ കൊളാഷ് നിർമ്മിക്കുക.

പ്രവർത്തനം 7.

എഡിറ്റോറിയൽ :

പ്രക്രിയ :

സ്ത്രീയും സാമൂഹിക പുരോഗതിയും

പ്രവർത്തനം 8.

ആസ്വാദനക്കുറിപ്പ് :

പ്രക്രിയ :

സുഗതകുമാരിയുടെ കൊല്ലേണ്ടതെങ്ങനെ കവിതയുടെ എം.പി.ത്രി.കേൾപ്പിക്കുന്നു.

പ്രവർത്തനം 9.

സംവാദം :

പ്രക്രിയ :

സാഹിത്യത്തിലെ സ്ത്രീ.മലയാളത്തിലെ മൂന്നോ നാലോ നായികമാരെ പരിചയപ്പെടുത്തുന്നു.

പ്രവർത്തനം 10.

സെമിനാർ പ്രബന്ധം :

സ്ത്രീ അനുഭവിക്കുന്ന പ്രശ്നങ്ങൾ

ഉപവിഷയങ്ങൾ പ്രബന്ധങ്ങൾ:1 കുടുംബത്തിനുള്ളിൽ
2 പൊതുസ്ഥലങ്ങളിലെ അരക്ഷിതാവസ്ഥ
3 അധികാരഘടനയിലെ പ്രാധിനിത്യം(മതം,രാഷ്ട്രീയം ഉൾപ്പടെ)
4 സ്ത്രീയോടുള്ള മനോഭാവങ്ങൾ(പഴയതും സമകാലികവുമായവ)
5 സാമൂഹിക വിലക്ക്
6 വിദ്യാഭ്യാസ മേഖലയിൽ

പ്രവർത്തനം 11.

നിരൂപണക്കുറിപ്പ് :

പ്രക്രിയ :

സാഹിത്യത്തിൽ സ്ത്രീയെ എങ്ങനെ വെളിപ്പെടുത്തുന്നു?മാധവിക്കുട്ടിയുടെ കോലാട്,സാറാ ജോസഫിന്റെ മുടിത്തെയ്യമുറയുമ്പോൾ,സാഹിത്യം ശക്തമായ രചനയാണെന്ന് തെളിയിക്കുന്നു.

പ്രവർത്തനം 12.

താരതമ്യക്കുറിപ്പ്

കുട്ടികൾ കേട്ടും വായിച്ചുമറിഞ്ഞ പുരാണത്തിലെ സ്ത്രീകഥാപാത്രങ്ങളുടെ പ്രത്യേകതകൾ. കേട്ടറിഞ്ഞ സീതയുടെ പ്രത്യേകതകൾ.ഇതിൽ നിന്നും വ്യത്യസ്തയായ കുമാരനാശാന്റെ സീതയുമായി താരതമ്യപ്പെടുത്തുക.

പ്രവർത്തനം 13.

പോസ്റ്റർ നിർമ്മാണം

പ്രക്രിയ :

ലോകവനിതാദിനം

പ്രവർത്തനം 14.

പ്രഭാഷണം തയ്യാറാക്കുക

പ്രക്രിയ :

മലയാളസ്ത്രീ-നിങ്ങളുടെ സങ്കൽപ്പത്തിൽ

പ്രവർത്തനം 14.

ദൂത് തയ്യാറാക്കൽ

പ്രക്രിയ :

സീതയുടെ ചിന്തകൾ ശ്രീരാമനെ അറിയിക്കുന്ന ദൂത്.

പ്രവർത്തനം 15.

ചർച്ചാക്കുറിപ്പ്

പ്രക്രിയ :

സർവ്വംസഹയായ സ്ത്രീയിൽ നിന്നും ഇന്നത്തെ സ്ത്രീക്കുള്ള വ്യത്യാസങ്ങൾ

പ്രവർത്തനം 16.

താരതമ്യക്കുറിപ്പ്

പ്രക്രിയ :

കടലോളം കണ്ണീർ ............

രാത്രിമഴയിലെ സ്ത്രീ.ഈ രണ്ടു ഭാഗങ്ങളിലെ സ്ത്രീ ദൈന്യത

പ്രവർത്തനം 17.

താരതമ്യക്കുറിപ്പ്

പ്രക്രിയ :

അഭിജ്ഞാനശാകുന്തളത്തിലെ യാത്രാമൊഴിയും യാത്രാമൊഴി പാഠഭാഗത്തിലെ യാത്രാമൊഴിയും

പ്രവർത്തനം 18.

നിരൂപണക്കുറിപ്പ്

പ്രക്രിയ :

വി.എം.ഗിരിജയുടെ ചെറിയ കരിപുരണ്ട സ്ത്രീയുടെ സ്വപ്നം, അനിത തമ്പിയുടെ മുറ്റമടിക്കുമ്പോൾ എന്ന കവിതാ സമാഹാരത്തിലെ മുറ്റമടിക്കുമ്പോൾ, ബിന്ദു കൃഷ്ണൻ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിച്ച സ്നേഹിക്കപ്പെടുന്ന സ്ത്രീകൾ എന്നീ കവിതകൾ നൽകുന്നു.

പ്രവർത്തനം 18.

നിഘണ്ടു നിർമ്മിക്കുക

പ്രക്രിയ :

യാത്രാമൊഴി.പദ്യഭാഗം വിഭജിച്ച് നൽകുക.നിഘണ്ടു നിർമ്മിക്കുക

പ്രവർത്തനം 19.

കുറിപ്പ്

പ്രക്രിയ :

യാത്രാമൊഴിയെ അടിസ്ഥാനമാക്കി പാഠഭാഗം വിശകലനം ചെയ്യുന്ന ചോദ്യങ്ങൾ നൽകുന്നു.മുല്ലവള്ളിയും മാൻകിടാവും എന്ന പാഠഭാഗം കൂടി പരിഗണിക്കുന്നു.

പ്രവർത്തനം 20.

സ്ത്രീപക്ഷ ഫിലിം ഫെസ്റ്റിവൽ

പ്രക്രിയ :

മുന്നൊരുക്കം ചെയ്യുക.നോട്ടീസ്,ക്ഷണക്കത്ത്,സിനോപ്സിസ്.

സിനിമകൾ-----പാഠം ഒന്ന് വിലാപം

അകലെ

അഗ്നിസാക്ഷി

മയിലമ്മ

പ്രവർത്തനം 21.

ചലച്ചിത്രാസ്വാദനം

പ്രക്രിയ :

കണ്ട സിനിമകളെ ആസ്പദമാക്കി തയ്യാറാക്കുക.

http://malayalamresources.blogspot.com/

പ്രവർത്തനം 22.

രംഗാവിഷ്ക്കാരം

പ്രക്രിയ :

സീത,നളിനി,മാതംഗി,ലീല,സാവിത്രി,ഒളപ്പമണ്ണയുടെ നങ്ങേമക്കുട്ടി എന്നിവരെക്കുറിച്ചുള്ള കുറിപ്പുകൾ നൽകാം.ഗ്രൂപ്പ് ചർച്ച.സ്ക്രിപ്റ്റ് ഗ്രൂപ്പിൽ നിർമ്മിക്കുന്നു.

പ്രവർത്തനം 23.

ചർച്ച

പ്രക്രിയ :

ലിംഗനീതിയെ സംബന്ധിച്ച് കുട്ടികൾക്ക് വായിക്കാൻ നൽകുക.ആനുകാലിക സംഭവങ്ങൾ ഉൾപ്പെടുത്തണം.

പ്രവർത്തനം 24.

ഔചിത്യഭംഗി

പ്രക്രിയ :

"രുജയാൽ പരിപക്വസത്വനായ്
......................വിഭാവ്യമിപ്പദം"

ആ സന്ദർഭത്തിൽ ശ്രീരാമനെ വിളിക്കുന്ന "അജപുത്രാ" എന്ന പ്രയോഗത്തിന്റെ ഔചിത്യം.സീതയുടെ വിചാരമെന്ത്?

പ്രവർത്തനം 25.

കുറിപ്പ്

പ്രക്രിയ :

ഇരുചിറകുകളൊരുമയിലങ്ങനെ എന്ന ശീർഷകത്തിന്റെ സവിശേഷത.

http://malayalamresources.blogspot.com/

## അടുക്കള

-പി.കെ.പാറക്കടവ്

തീൻമേശയിൽ
ഭർത്താവും മക്കളും
കാത്തുകാത്തിരിക്കുന്നുണ്ട്
അവർക്കു തിരക്കുണ്ട്
ഓഫീസ്-സ്കൂൾ
കോളേജ് -ഇതാ
ഇതാ ആയിപ്പോയി
അടുപ്പിൽ ആളിക്കത്തുന്ന
തീജ്വാലകൾക്കുമേലേ
അവൾ പാകമാകുന്നുണ്ട്.

# അമ്മ

-അരവിന്ദ് വട്ടംകുളം

അലക്കാനും അരക്കാനും
തുടക്കാനുമായി ഒരു യന്ത്രം.
ഏതു വോൾട്ടേജിലും പ്രവർത്തിക്കും
കാലാവസ്ഥ പ്രശ്നമേയല്ല.
കൃത്യനിഷ്ഠമായിരിക്കും
ഉമ്മറത്ത്,
പത്രത്തോടൊപ്പമൊരു ചായ
തീൻമേശമേൽ രുചികൾ.
ഇടയ്ക്കെപ്പോഴെങ്കിലും
ഓർമ്മകളിലേക്ക്
ഒന്നോ രണ്ടോ കണ്ണീർ
വീണെന്നിരിക്കാം
അത്രയേ വേണ്ടൂ
ഉപ്പുകുടിയെന്ന പേരിൽ
ഒരു വഴക്കു പൊന്താൻ

http://malayalamresources.blogspot.com/